"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ
സർവ്വീസസ്

ഓപ്പൺ പ്രിസൺ & കറക്ഷണൽ
ഹോം, നെട്ടുകാൽത്തേരി
പിൻ - 695 574
04722850044
op.ntkl.prisons@kerala.gov.in

KPCS/OP/NTKL/437/2026-G1 തീയതി: 02-09-2026

## ദർഘാസ് കാലാവധി നീട്ടിയ പരസ്യം

| | |
|---|---|
| വിഷയം : | ജയിലുകൾ- നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ കാര്യാലയം - റബ്ബർ മരങ്ങൾക്ക് വളങ്ങൾ വിതരണം ചെയ്യുന്നതിനായി ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്: |
| സൂചന : | ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 30.07.2026 തീയതിയിലെ KPCS/4138/2026-G4 എന്ന നമ്പർ ഉത്തരവ്. |

നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ റബ്ബർ മരങ്ങൾക്ക് ആവശ്യമായ വളങ്ങൾ വിതരണത്തിനായി സീൽ ചെയ്ത ദർഘാസുകൾ ക്ഷണിക്കുന്നു.

### വിതരണം ചെയ്യേണ്ട സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു

| Sl. No | ITEM | QUANTITY REQUIRED ( Kg ) |
|---|---|---|
| 1 | 12:8:12 NPK കൂട്ടുവളം | 10,350 |

- മുദ്രവെച്ച ദർഘാസുകൾ അടങ്ങിയ കവറിനു പുറത്ത് പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന ദർഘാസിന്റെ പേര് എഴുതി സൂപ്രണ്ട് , ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
- ദർഘാസിൻറെ അടങ്കൽ തുക **3,10,500/- രൂപ** (മൂന്ന് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം).

- ദർഘാസുകൾ, നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ട അവസാന തീയതി 09/09/2026 ബുധനാഴ്ച്ച പകൽ 11 മണിക്കാണ്. ദർഘാസുകൾ സമർപ്പിച്ചവരുടേയോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ അന്നേ ദിവസം 2 മണിക്ക് ടെൻഡറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. താമസിച്ച് ലഭിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- പ്രൊക്യൂർമെന്റ് ഡിപ്പാർട്ട്മെന്റ്, കേരള അല്ലെങ്കിൽ നാഷണൽ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് ന്യൂഡൽഹിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇഎംഡി ബിഡ്ഡർമാരുടെ പേയ്മെന്റിൽ നിന്നുള്ള ഇളവ് (ടെൻഡർ ചെയ്ത ഇനത്തിന്) ഇഎംഡി സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇളവ് അവകാശപ്പെടുന്ന ലേലക്കാർ പ്രൊക്യൂർമെന്റ് ഡിപ്പാർട്ട്മെന്റ്, കേരള അല്ലെങ്കിൽ NSIC (National Small Industries Corporation ), ന്യൂഡൽഹിയിൽ നിന്നുള്ള സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.
- നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം അക്കൗണ്ട് സെക്ഷനിൽ (സൂപ്പർവൈസർ) എല്ലാ പ്രവർത്തി ദിവസവങ്ങളിൽ രൊക്കം പണമടച്ചാൽ ദർഘാസ് ഫോറം ലഭിക്കുന്നതാണ്.
- അടങ്കൽ തുക **3,10,500/- രൂപ** (മൂന്ന് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം).
- നിരതദ്രവ്യം - 3200/- രൂപ (മൂവായിരത്തി ഇരുനൂറ് രൂപ മാത്രം).
- ടെൻഡർ ഫോറത്തിൻറെ വില (അസ്സൽ) - 700/- രൂപ (5% ജി.എസ്.ടി ഉൾപ്പെടെ)
- ഡ്യൂപ്ലിക്കേറ്റ് ടെൻഡർ ഫോറത്തിൻറെ വില - 400/- (5% ജി.എസ്.ടി ഉൾപ്പെടെ)
- ടെൻഡർ സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം കരാറുകാരൻ/സപ്ലയർ വളം പൂർണ്ണമായും ജയിലിൽ എത്തിച്ചു നൽകുകയാണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് (SD) നൽകേണ്ടതില്ല. എന്നാൽ, പ്രസ്തുത 5 ദിവസത്തിനകം വളം വിതരണം ചെയ്യാൻ സാധിക്കാത്തപക്ഷം, തിട്ടപ്പെടുത്തിയ തുകയുടെ (Quoted Amount) 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി അക്കൗണ്ട് പേയി ഡി.ഡി (DD) വഴി ജയിൽ വകുപ്പിൽ നിക്ഷേപിക്കേണ്ടതാണ്.
- കരാറുകാരൻ/സപ്ലയർ നിർദ്ദിഷ്ട സമയത്തിനുള്ളിൽ (5 ദിവസത്തിനകം) വളങ്ങൾ ജയിലിൽ എത്തിച്ചു നൽകുന്നതിൽ (Supply ചെയ്യുന്നതിൽ) വീഴ്ച വരുത്തിയാൽ, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതാണ് (Forfeited).
- ടെൻഡർ വഴി L1 യോഗ്യത നേടിയ കരാറുകാരൻ/സപ്ലയർ വിതരണം ചെയ്യേണ്ട വളത്തിൽ പരാജയപ്പെട്ടാൽ, അവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (SD) ജയിൽ വകുപ്പ് കണ്ടുകെട്ടുന്നതും, കരാറുകാരനുമായുള്ള കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും. കൂടാതെ, ഇതിലൂടെ ജയിൽ വകുപ്പിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ആ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതുമാണ്. അതോടൊപ്പം, ആ കരാറുകാരനെ കരിമ്പട്ടികയിൽ (Blacklist) പെടുത്തുകയും ചെയ്യും.

- കരാറുകാരൻ/സപ്ലയർ വളങ്ങൾ ജയിൽ കോമ്പൗണ്ടിലെ നിർദ്ദിഷ്ട സ്ഥലത്ത് കൃത്യമായി എത്തിച്ചു നൽകേണ്ടതാണ്.
- വളം വിതരണം ചെയ്യുന്ന കരാറുകാരൻ/സപ്ലയർ സംസ്ഥാന കൃഷിവകുപ്പിന്റെ സാധുവായ (സാധുതയുള്ള) അംഗീകൃത വളം വിൽപന ലൈസൻസ് (Fertilizer Dealer's License) ഉള്ളവരായിരിക്കണം.
- ടെൻഡറിൽ രേഖപ്പെടുത്തുന്ന തുക ജി.എസ്.ടി (5%), യാത്രാക്കൂലി (Transportation) എന്നിവ ഉൾപ്പെടെയുള്ള ആകെ തുകയായിരിക്കണം.
- ഈ കരാറുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ ഇതിന്റെ തുടർച്ചയായോ എന്തെങ്കിലും തർക്കങ്ങൾ (Disputes) ഉണ്ടാകുന്ന പക്ഷം, അവ തിരുവനന്തപുരം ജില്ലാ കോടതിയുടെ അധികാരപരിധിക്ക് വിധേയമായിരിക്കുന്നതാണ്.

മുദ്ര വച്ച ദർഘാസിനൊപ്പം ഓപ്പൺ ജയിൽ സൂപ്രണ്ടിന്റെ പേരിൽ എടുത്ത 3200/- രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്യേണ്ടതാണ്. ദർഘാസ് ഫോറത്തിന് നൽകുന്ന വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറത്തിൻറെ വിൽപ്പന 08/09/2026 ചൊവ്വാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് അവസാനിക്കുന്നതാണ്.

ദർഘാസ് ഫോറം വി പി പി (Value Payable Post) ആയി അയക്കുകയോ ചെക്ക്/പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോറത്തിൻറെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല. ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെൻഡറിൽ പങ്കെടുക്കുന്നവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൻറെയോ/വ്യക്തിയുടെയോ ടെൻഡർ സ്ഥിരപ്പെടുത്തുന്നതായിരിക്കും. യാതൊരു കാരണവും കൂടാതെ ടെൻഡർ നിരസിക്കുന്നതിനുള്ള അധികാരം നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ടെൻഡറിനെ സംബന്ധിച്ച് വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയത്ത് ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ആഫീസിൽ ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്.

വിശ്വസ്തതയോടെ

SUPERINTENDENT